പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 377 28.11.2018 -ൽ മറുപടിക്ക്.

## പ്രളയബാധിത മേഖലയിൽ ഭക്ഷ്യവകുപ്പിന്റെ സേവനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീ.ആർ. രാമചന്ദ്രൻ**<br>**ശ്രീ.കെ. രാജൻ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് ഭക്ഷ്യവകുപ്പ് എന്തെല്ലാം സഹായങ്ങളാണ് നല്കുന്നതെന്ന് അറിയിക്കുമോ ; | (എ) പ്രളയ ബാധിതമായി പ്രഖ്യാപിച്ച 11 ജില്ലകളിലെ കാർഡ് ഉടമകൾക്ക് 5 കിലോഗ്രാം അരി വീതം സൗജന്യമായി ആഗസ്റ്റ് മാസത്തെ റേഷൻ വിതരണത്തോടൊപ്പം നൽകിയിരുന്നു. ഇതിനു പുറമെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തിന് ലഭിച്ച അധിക വിഹിതം അരി കൈകാര്യ ചെലവ് മാത്രം ഈടാക്കി സംസ്ഥാനത്തെ മുഴുവൻ മുൻഗണനേതര കാർഡുകൾക്കും പ്രതിമാസം 5 കിലോഗ്രാം വീതം , 2018 സെപ്റ്റംബർ മുതൽ ഡിസംബർ വരെ വിതരണം നടത്തുന്നു. കേന്ദ്ര സർക്കാർ ലഭ്യമാക്കിയ സബ്സിഡിയില്ലാത്ത 12000 കിലോലിറ്റർ മണ്ണെണ്ണ, കൈകാര്യ ചെലവ് സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ട് കേന്ദ്രം നൽകുന്ന നിരക്കിൽ ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രളയ ബാധിത സ്ഥലങ്ങളിൽ എയർ ഡ്രോപ്പ് ചെയ്യുന്നതിനും പ്രളയബാധിതരായ കുടുംബങ്ങളെ പാർപ്പിച്ച ക്യാമ്പുകളിൽ വിതരണം ചെയ്യുന്നതിനും ഭക്ഷ്യ വസ്തുക്കൾ, മറ്റു അവശ്യ സാധനങ്ങൾ എന്നിവ സപ്ലൈകോ നൽകിയിരുന്നു. ക്യാമ്പുകളിൽ നിന്നും മടങ്ങിയ കുടുംബങ്ങൾക്ക് നൽകിയ ബാക് ടു ഹോം കിറ്റുകളിലേയ്ക്ക് ആവശ്യമായ സാധനങ്ങളും സപ്ലൈകോ ഡിപ്പോകളിൽ നിന്നും വില്പനശാലകളിൽ നിന്നും നൽകുകയുണ്ടായി. നിലവിൽ, പ്രളയബാധിതരിലെ ദുർബല വിഭാഗങ്ങൾക്കായി മൂന്ന് മാസക്കാലം 500/- രൂപ വില വരുന്ന അവശ്യ വസ്തുക്കൾ ഉൾക്കൊള്ളിച്ച ഉപജീവന കിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതിയും സപ്ലൈകോ നടത്തി വരുന്നു.<br>പ്രളയ ദുരിതാശ്വാസമായി സംസ്ഥാനത്തെ എല്ലാ തോട്ടം തൊഴിലാളികൾക്കും 15 കിലോഗ്രാം അരി സൗജന്യമായി അനുവദിച്ചിരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രളയ ബാധിത മേഖലയിലെ ദുർബല വിഭാഗങ്ങൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും സൗജന്യ ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്തിരുന്നോ; വിശദമാക്കുമോ ; | (ബി) | പ്രളയ ബാധിത മേഖലയിലെ ദുർബല വിഭാഗങ്ങൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും മൂന്നു മാസക്കാലം, അവശ്യ സാധനങ്ങൾ ഉൾക്കൊള്ളിച്ച ഉപജീവന കിറ്റ് വിതരണം ചെയ്യുന്ന പ്രക്രിയ പുരോഗമിക്കുന്നു. 2018 ഒക്ടോബർ അവസാന വാരമാണ് കിറ്റ് വിതരണം ആരംഭിച്ചത്. നാളിതു വരെ 2,56,684 ഉപജീവന കിറ്റുകൾ സപ്ലൈകോ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | പ്രളയത്തെത്തുടർന്ന് കേന്ദ്ര സർക്കാരിൽ നിന്ന് സൗജന്യമായി ഭക്ഷ്യധാന്യം അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | കേന്ദ്രസർക്കാർ 89540 മെ.ടൺ ഭക്ഷ്യധാന്യം എം എസ് പി ഡിറൈവ്ഡ് നിരക്കിൽ അനുവദിച്ചിട്ടുണ്ട്. ആയതിനുള്ള തുക സംസ്ഥാന ത്തിന്റെ എൻ.ഡി.ആർ.എഫ് വിഹിതത്തിൽ നിന്ന് ഈടാക്കുമെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ